## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5337** **15.11.2019 ൽമറുപടിയ്ക്ക്**

## സമാന്തര സർവ്വീസുകളെ നിയന്ത്രിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.എ. പ്രദീപ്കുമാർ<br>,, ഡി.കെ. മുരളി<br>,, കെ.ജെ. മാക്സി<br>,, പി.വി. അൻവർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സമാന്തര സർവ്വീസുകൾ നടത്തുന്ന വാഹനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം പരിശോധനകളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സമാന്തര സർവ്വീസ് നടത്തുന്നത് തിരുവനന്തപുരം ജില്ലയിലാണ്. മറ്റു ജില്ലകളിൽ താരതമ്യേന കുറവാണ്. തിരുവനന്തപുരം ജില്ലയിൽ 4 സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ക്വാഡുകളിൽ മോട്ടോർ വാഹന ഉദ്യോഗസ്ഥരും കെ.എസ്.ആർ.ടി.സി. യിലെ ഉദ്യോഗസ്ഥരും ഉൾകൊണ്ടിട്ടുണ്ട്. ഈ സ്ക്വാഡുകൾ നാലു വാഹന ങ്ങളിലായി തിരുവനന്തപുരം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിരന്തര പരിശോധന നടത്തുന്നുണ്ട്. മറ്റു ജില്ലകളിൽ ഇത്തരം സർവ്വീസുകൾ വളരെ കുറവാണ്. എങ്കിലും എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പരിശോധന നടത്തുന്നുണ്ട്. അത്തരം വാഹനങ്ങൾ പരിശോധിച്ച് നിയമലംഘനം കണ്ടെത്തിയാൽ പിഴ ഈടാക്കുകയും പെർമിറ്റ് സസ്പെന്റ് ചെയ്യുന്നത് ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. |
| (ബി) | പൊതുജനങ്ങളുടെയും പോലീസിന്റെയും സഹായത്തോടെ സമാന്തര സർവ്വീസുകൾ ക്കെതിരെ ശക്തവും ഫലപ്രദവുമായ നടപടി കൾ സ്വീകരിച്ചതിന്റെ ഫലമായി കെ. എസ്. ആർ. ടി. സി. യുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (ബി) | പ്രസ്തുത സ്ക്വാഡ് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. |
| (സി) | ഇപ്രകാരം സമാന്തര സർവ്വീസുകൾ നിർത്തലാക്കിയ പ്രദേശങ്ങളിൽ ആവശ്യ മായ സർവ്വീസുകൾ നടത്തുവാൻ കെ. എസ്. ആർ. ടി. സി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | യാത്രക്കാരുടെ ആവശ്യകതയും, കെ.എസ്.ആർ. ടി.സിയുടെ വരുമാന ലഭ്യതയും ഉറപ്പ് വരുത്തി സർവ്വീസുകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരം സമാന്തര സർവ്വീസുകളിൽ | (ഡി) | കെ.എസ്.ആർ.ടി.സി. ക്ക് സമാന്തരമായി ഓടുന്ന |

| | | | |
|---|---|---|---|
| | യാത്രക്കാർക്ക് വളരെ മോശപ്പെട്ട അനുഭവങ്ങൾ ഉണ്ടാകുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ പരിശോധന കൾ കൂടുതൽ കർശനമാക്കുവാനും ശിക്ഷാ നടപടികൾ സ്വീകരിക്കുവാനും നടപടി സ്വീകരിക്കുമോ? | | പാരലൽ സർവ്വീസുകൾ എന്നു പറയുന്നത് ചെറിയ റൂട്ടുകളിൽ നടത്തുന്ന സർവ്വീസുകളാണ്. ഇതിനായി ഉപയോഗിക്കുന്നത് ചെറിയ കോൺട്രാക്ട് കാര്യേജുകളും, ജീപ്പ്, ട്രക്കർ മുതലായ വാഹനങ്ങളുമാണ്. ഇത്തരം സർവ്വീസുകൾ പ്രാദേശികമായാണ് സർവ്വീസ് നടത്തുന്നത്. ഇത്തരം സർവ്വീസുകളിൽ യാത്രക്കാർക്ക് മോശപ്പെട്ട അനുഭവങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**